## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 359

10.04.2013ൽ
മറുപടിക്ക്

### തൊഴിലുറപ്പ് പദ്ധതിയുടെ വ്യാപ്തി വിപുലപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ) തൊഴിലുറപ്പ് പദ്ധതിയുടെ വ്യാപ്തി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി നടത്തിയ ശ്രമങ്ങൾ എന്തെല്ലാമാണ്; ഫലപ്രാപ്തി ഉണ്ടായിട്ടുണ്ടോ; | എ) തൊഴിലുറപ്പ് പദ്ധതിയുടെ വ്യാപ്തിയും പ്രവർത്തനവും വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി നടത്തിയ ശ്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കൂടുതൽ ഗ്രാമീണ കുടുംബങ്ങളെ പദ്ധതിയിൽ ചേർക്കുന്നതിനും തൊഴിൽ ആവശ്യപ്പെടുന്നതിനും വേണ്ടിയുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>2. പ്രവൃത്തികളിൽ സാധനസാമഗ്രികൾ ഉപയോഗിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശ ങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>3. നിലവിലെ കൂലി വിതരണം സമയബന്ധിതമായി നൽകുന്നതിന് ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>4. സംസ്ഥാനത്തിന്റെ ജനസംഖ്യ, ജനസാന്ദ്രത, പൊതുസ്ഥലങ്ങളുടെ കുറവ് എന്നിവ കണക്കിലെടുത്ത് സംസ്ഥാനത്തിന് അനുയോജ്യമായ പുതിയ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസ |

ർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ട്.

5. നിലവിലെ പ്രവൃത്തി സമയമായ 1 മണിക്കൂർ വിശ്രമമടക്കം 9 മണിക്കൂർ എന്നത് 1 മണിക്കൂർ വിശ്രമമടക്കം 8 മണിക്കൂർ എന്ന് നിർവചിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിവേദനം സമർപ്പിച്ചിരുന്നു.
6. കാർഷിക പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി സംസ്ഥാനത്തെ നിലവിലെ മിനിമം കൂലിയായ 200 രൂപയായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ സൂചിപ്പിച്ച ശ്രമങ്ങളുടെ ഭാഗമായി കൈവരിച്ച ഫലങ്ങൾ ചുവടെ ചേർക്കുന്നു.

1. 2012-13 സാമ്പത്തിക വർഷം പുതിയ. 660547 കുടുംബങ്ങൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റുകയും പ്രസ്തുത വർഷം 108401 കുടുംബങ്ങൾക്ക് അധികമായി തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ കുടുംബങ്ങൾ പദ്ധതിയിൽ പങ്കാളികൾ ആയതിന്റെ ഭാഗമായി 2012-13 സാമ്പത്തിക വർഷം മുൻവർ ഷത്തെക്കാൾ ശരാശരി ഒരു കുടുംബത്തിന് 10 ദിവസങ്ങൾ അധികമായി തൊഴിൽ ലഭിക്കുകയും 212792 കുടുംബങ്ങൾക്ക് അധികമായി 100 ദിവസം തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2. പദ്ധതിയിൽ സാധനസാമഗ്രികൾ ഉപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആവശ്യമായ സംഘടനാ സംവിധാനവും ബ്ലോക്ക്തല പ്രാദേശിക നിരക്കുകളും നിർണ്ണയിച്ചിട്ടുണ്ട്.
3. കൂലി വിതരണത്തിൽ ബാങ്കുതലങ്ങളിൽ നിലവിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പ് വർഷം നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
4. 2012 മെയ് മാസം കേന്ദ്രഗവൺമെന്റ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ പട്ടിക വിപുലപ്പെടുത്തുകയും പുതുതായി ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം, കാർഷിക പ്രവൃത്തികളായ കുഴി കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്, ദ്രവ-ജൈവ വളങ്ങളുടെ നിർമ്മാണം, മൃഗപരിപാലന പ്രവർത്തനങ്ങളായ കോഴിക്കൂട്, ആടിൻകൂട്, പശുതൊഴുത്ത് ഈടുറ്റതാക്കുന്നതിന് ദൃഢതയുള്ള തറ, ഗോമൂത്ര സംഭരണി,വൈക്കോൽ തൊട്ടി എന്നിവുടെ നിർമ്മാണം, കന്ന് കാലികൾക്ക് അധികപോഷണ തീറ്റയായ അസോള കൃഷി, പൊതുസ്ഥലങ്ങളിൽ മഴക്കാലത്ത് ഏറ്റെടുക്കാവുന്ന മത്സ്യകൃഷി, തീരപ്രദേശങ്ങളിൽ മത്സ്യം സംസ്കരിക്കുന്ന ഷെഡുകളും കടൽ തീരങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിക്കൽ, ഗ്രാമപ്രദേശങ്ങ ളിൽ സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ, ഗ്രാമപ്രദേശങ്ങളിലെ ശുചിത്വ

നിലവാരം ഉറപ്പാക്കുന്നതിനുള്ള വ്യക്തിഗത കക്കൂസ്/സ്കൂൾ ടോയ്‌ലെറ്റുകൾ/അംഗണ വാടി ടോയ്‌ലെറ്റുകൾ എന്നിവയുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം, ഗ്രാമപ്രദേശങ്ങളിലെ അംഗണ വാടികളുടെ നിർമ്മാണം, ഗ്രാമപ്രദേശങ്ങളിൽ കളിസ്ഥലങ്ങളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. നിലവിലെ പ്രവൃത്തി സമയമായ 1 മണിക്കൂർ വിശ്രമമടക്കം 9 മണിക്കൂർ എന്നത് തൊഴിലാളിയുടെ വർക്ക് ഔട്ട്ടേണിന് ഭംഗം വരാതെ 1 മണിക്കൂർ വിശ്രമമടക്കം 8 മണിക്കൂർ എന്ന് നിർവചിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
6. കാർഷിക പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ഉത്തരവുകൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടില്ല.
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി സംസ്ഥാനത്തെ നിലവിലെ മിനിമം കൂലിയായ 200 രൂപയായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി 26.02.2013 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കൂലി 180/- രൂപയായി കേന്ദ്രസർക്കാർ 01.04.2013 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) അനുവദനീയമായ പ്രവൃത്തികളുടെ കൂട്ടത്തിൽ ഭവനങ്ങളുടെയും ആവാ | ബി) അനുവദനീയമായ പ്രവൃത്തിക ളുടെ കൂട്ടത്തിൽ ഭവനങ്ങളുടെയും ആവാസസ്ഥലങ്ങളുടെയും വികസന പ്രവർത്തനം, തീരദേശ സംരക്ഷണ |

സ സ്ഥലങ്ങളുടെയും വികസന പ്രവർത്തനം, തീരദേശ സംരക്ഷണ പരിപാടികൾ, മാലിന്യ നിർമ്മാർജ്ജനം, പരമ്പരാഗത തൊഴിലുകൾ തുടങ്ങിയവ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

പരിപാടികൾ, മാലിന്യ നിർമ്മാർജ്ജനം, പരമ്പരാഗത തൊഴിലുകൾ തുടങ്ങിയവ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യം പരിശോധിക്കുകയും തീരപ്രദേശങ്ങളിൽ മത്സ്യം സംസ്കരിക്കുന്ന ഷെഡുകളുടെ നിർമ്മാണം, കടൽ തീരങ്ങളിൽ മരങ്ങൾ വച്ച് പിടിപ്പിക്കൽ എന്നീ തീരദേശ സംരക്ഷണ പരിപാടികളും ഖര-ദ്രവ മാലിന്യ പരിപാലനവും അംഗീകൃത പ്രവൃത്തികളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ